ഉത്തരം

(എ) തിരുവല്ലാ ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി 2004-ൽ ആരംഭിക്കുകയുണ്ടായി. അതിൽ 5.4087 ഹെക്ടർ സ്ഥലം ജില്ലാ ഭൂമി വാങ്ങൽ കമ്മിറ്റി ചർച്ചയിലൂടെ നിശ്ചയിച്ച വില നൽകി ഉടമകളിൽനിന്ന് നേരിട്ട് വാങ്ങി വിലയാധാരം രജിസ്റ്റർ ചെയ്യും വിലയാധാരം ചെയ്യാൻ തയ്യാറല്ലാത്തവരുടെ ഭൂമി പൊന്നും വില നടപടി പ്രകാരവും അവാർഡ് പാസാക്കി 2008-ൽ ഏറ്റെടുക്കുകയും ചെയ്തു.

(ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെ സ്ഥലം ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത മൂന്നു കേസുകളിലും കെ.എസ്.ടി.പി.-ക്ക് അനുകൂലമായ വിധിയാണുണ്ടായതെങ്കിലും അതിനെതിരെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമത്തിന്റെ വെളിച്ചത്തിൽ അവാർഡ് അസാധുവാക്കാൻ ഫയൽ ചെയ്ത അപ്പീൽ ഹർജിയിൽ (WA-104/14) സുപ്രീം കോടതിയിലെ പൂനെ മുനിസിപ്പൽ കോർപ്പറേഷൻ Vs സോളങ്കി കേസിന്റെ വിധി ന്യായം ഈ കേസിലും ബാധകമെന്ന രീതിയിൽ പുതിയ നിയമത്തിൽ 24(2) ഖണ്ഡിക പരാമർശിച്ച്, അവാർഡ് കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ വസ്തു ഉടമകളുടെ പേരിൽ കോടതിയിൽ നഷ്ടപരിഹാരം നിക്ഷേപിച്ചില്ല, പകരം പണം റവന്യൂ ഡെപ്പോസിറ്റായി വയ്ക്കുകയാണുണ്ടായത് എന്ന കാരണത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതി അവാർഡ് അസാധുവാക്കുകയുണ്ടായി.

(സി&ഡി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണ നടപടികൾ

361 (1419) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണ നടപടികൾ പൂർത്തിയായോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ സാമൂഹ്യ-സാമ്പത്തിക സർവ്വേക്കുവേണ്ടി ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടത് എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി സുധർമ്മലേഖ എം. (SIA & Gender Development Consultant Bangalore)-നെയാണ് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പടുത്തിയിരുന്നത്. റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക

362 (1420) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പൊതുമരാമത്ത് വകുപ്പ്, റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15-ൽ അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എത്ര;

(സി) അനിവാര്യമായ ഇടങ്ങളിൽ അറ്റകുറ്റപ്പണി നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം വർഷംതോറും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011-12 - 63,21,42,742

2012-13 - 2,01,84,78,344

2013-14 - 65,24,13,774

2014-15 - 14,26,32,075

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15-ൽ ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

(സി) അറ്റകുറ്റപ്പണി നട നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly